Kerala Catholic Bishops' Council (KCBC)
Secretariat, Pastoral Orientation Centre, P.B.No.2251, Palarivattom, Kochi-682025, Kerala, India
Tel: +91-484-2805722, 2805815, Fax: +91-484-2806214
E-mail : deputysecretarykcbc@gmail.com, www.kcbcsite.com

All Kerala Press Release 08.06.2022
Ref: 857/KCBC/K-6/KPR/DS

# ആത്മ വിമർശനത്തിലൂടെ നവീകരണം സാധ്യമാക്കണം: കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി

കൊച്ചി : സഭാസംവിധാനങ്ങളും സംഘടനകളും മെത്രാന്മാരും വൈദികരും സന്യസ്തരും കുടുംബങ്ങളും ഒരു ആത്മവിമർശനത്തോടെ സ്വയം നവീകരിക്കപ്പെടാൻ അതിയായി ആഗ്രഹിക്കുകയും പ്രാർത്ഥനയോടെ പ്രവൃത്ത്യുന്മുഖരായി സഭയെ നവീകരിക്കുകയും വേണമെന്ന് കെസിബിസി പ്രസിഡന്റ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി. മൂന്നുവർഷം നീണ്ടുനില്ക്കുന്ന കേരള സഭാനവീകരണകാലം ഇന്നലെ പാലാരിവട്ടം പിഒസിയിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുക യായിരുന്നു അദ്ദേഹം. കോവിഡ്കാലം പൊതുസമൂഹത്തിലെന്നതുപോലെ സഭാതലത്തിലും പ്രവർത്തനങ്ങളെ മന്ദീഭവിപ്പിക്കാനിടയാക്കി. കോവിഡ് പ്രതിസന്ധി പൂർണ്ണമായും മാറിയിട്ടില്ലെങ്കിലും ജാഗ്രതയോടെ ഒരുമിച്ചുകൂടുന്നതിനും പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനും തടസ്സമില്ലാതായി തീർന്നിട്ടുള്ളതിനാൽ ഇടവകളും സ്ഥാപനങ്ങളും സംഘടനകളും കൂടുതൽ തീക്ഷ്ണതയോടെ സുവിശേഷ പ്രഘോഷണദൗത്യം നിർവ്വഹിക്കാൻ പ്രവർത്തനപദ്ധതികൾ രൂപപ്പെടുത്തുകയും, തിരുത്തപ്പെടേണ്ട മേഖലകളെ പ്രത്യേകം കണ്ടെത്തി പരിഹരിച്ച് സുതാര്യവും നിർമ്മലവുമായ സഭാസമൂഹത്തെ കൂടുതൽ ശോഭയോടെ നിലനിർത്താൻ പരിശ്രമിക്കുകയും വേണം. മൂന്നുവർഷം നീണ്ടുനില്ക്കുന്ന സഭാനവീകരണകാലം സഭകൾ തമ്മിലും, വൈദിക മേലധ്യക്ഷന്മാരും വൈദികരും സന്യസ്തരും അത്മായ സഹോദരരും തമ്മിലുമുള്ള അകലം കുറക്കുന്നതിനും സൗഹൃദം ആഴപ്പെടുത്തുന്നതിനും അനുരഞ്ജനത്തിനും തുറവിയോടെയുള്ള പങ്കുവയ്ക്കലിനുമുള്ള അവസരമായി മാറണം. പൗലോസ് ശ്ലീഹ ഓർമ്മിപ്പിച്ചിട്ടുള്ളതുപോലെ ഒരു ശരീരത്തിലെ വിവിധ അവയവങ്ങൾപോലെ നാമെല്ലാവരും പരസ്പരം ചേർന്നു നില്ക്കേണ്ടവരും സഭാശരീരത്തെ പൂർണ്ണതയുള്ളതാക്കി തീർക്കേണ്ടവരുമാണ് എന്നും അദ്ദേഹം പറഞ്ഞു.

എല്ലാ മെത്രാന്മാരും സന്യസ്തസഭാ മേജർ സുപ്പീരിയർമാരും കെസിബിസിയുടെ വിവിധ കമ്മീഷനുകളുടെ സെക്രട്ടറിമാരായ വൈദികരും ഒന്നുചേർന്ന് അർപ്പിച്ച പൊന്തിഫിക്കൽ ദിവ്യബലിയോടു കൂടിയാണ് സഭാനവീകരണകാലം 2022-2025 ഉദ്ഘാടനം ചെയ്യപ്പെട്ടത്. ദിവ്യബലിക്ക് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി മുഖ്യകാർമ്മികനായിരുന്നു. ബിഷപ് വർഗ്ഗീസ് ചക്കാലയ്ക്കൽ വചനസന്ദേശം നൽകി. ബിഷപ്പ് ജോസഫ് മാർ തോമസ് കൃതജ്ഞത പ്രകാശിപ്പിച്ചു. വൈകിട്ട് ആറു മണിക്ക് കെസിബിസി സമ്മേളനം ആരംഭിച്ചു.

**ഫാ. ജേക്കബ് ജി. പാലക്കാപ്പിള്ളി**
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ, ഔദ്യോഗികവക്താവ്, കെ.സി.ബി.സി./
ഡയറക്ടർ, പി.ഒ.സി.

ഫോട്ടോ മാറ്റർ: കേരള സഭാനവീകരണകാലം കെസിബിസി പ്രസിഡന്റ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി പാലാരിവട്ടം പിഒസിയിൽ ഉദ്ഘാടനം ചെയ്യുന്നു. ഫാ. സ്റ്റീഫൻ തോമസ്, ഫാ. ജോജോ കോക്കാടൻ, ബിഷപ് ജോസഫ് മാർ തോമസ്, ബിഷപ്പ് വർഗീസ് ചക്കാലക്കൽ, ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി, സിസ്റ്റർ മേഴ്സി ജൂഡി എന്നിവർ സമീപം.

PRESIDENT
His Beatitude
MAR GEORGE CARDINAL ALENCHERRY
Major Archbishop of Syro Malabar Church
Mount St. Thomas P.B.No. 3110, Kakkanad
Kochi 682 030
Ph: 0484-2424768, 2424780, 2425727
Fax: 0484-2422727
E-mail: bpalencherry@yahoo.co.in

VICE-PRESIDENT
His Excellency
RT. REV. DR. VARGHESE CHAKKALAKAL
Bishop of Calicut
Bishop's House, Malaparamba
Kozhikode 673 009.
Ph: 0495 2370313, 2370271
Fax: 0495 2377013
E-mail: calicut_diocese@yahoo.com

SECRETARY GENERAL
DR. JOSEPH MAR THOMAS
Bishop of Bathery,
Catholic Bishop's House
Bathery, Dharmapitam
Wayanad 673 592.
Ph: 04936 220207, Fax: 04936 221287
E-mail: bishopbty@gmail.com

DEPUTY SECRETARY GENERAL
FR. JACOB G. PALACKAPPILLY
P.O.C., P. B. No. 2251
Palarivattom, Kochi-682025
Ph: 0484-2805815, 2805722
Fax: 2806214
Email: jacobgpala@gmail.com